# 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ശ്രദ്ധിച്ചു.

## 1-1-1 ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ് ), 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ  എന്നിവ തയ്യാറാക്കേണ്ടതുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിൽ  തന്നെ അടിസ്ഥാന അനുപാതങ്ങളും താരതമ്യ തുകകളും രേഖപ്പെടുത്തേണ്ട പ്രൊഫോർമ അക്കൌണ്ട്സ് മാനുവലിൽ പ്രസിദ്ധീകരിക്കുന്നതാണെന്ന് പറയുന്നുണ്ട്. ആയത് നാളിതു വരെ ബഹുമാനപ്പെട്ട സർക്കാർ  പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ ലഭ്യമാക്കുന്നതാണെന്നുള്ള വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും അംഗീകരിച്ച് തീരുമാനിച്ചു.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല എന്ന പരാമർശം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്തു.

ആസ്തി രജിസ്റ്റർ  കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും നിലവിൽ  പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുള്ള രജിസ്റ്ററിൽ  ആസ്തിയുടെ മൂല്യം രേഖപ്പെടുത്തുന്നതിനുള്ള സൌകര്യമില്ല എന്നും വിലയിരുത്തിയ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ആസ്തി രജിസ്റ്റർ ഫോർമാറ്റ് ബന്ധപ്പെട്ടവർ  പുതുക്കി ലഭ്യമാക്കുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ ലഭ്യമാക്കുന്നതാണെന്നുള്ള വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചും അംഗീകരിച്ച് തീരുമാനിച്ചു.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹7853357/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹ – 8015626/-) തമ്മിൽ  പൊരുത്തപ്പെടുന്നില്ല എന്ന പരാമർശം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്തു. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ  മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ  ജനറേറ്റ് ചെയ്ത് വരുന്നതാണെന്നും ആയത് ബന്ധപ്പെട്ടവർ  പരിഹരിച്ച് നൽകുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ  ലഭ്യമാക്കുന്നതാണെന്ന വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചും അംഗീകരിച്ച് തീരുമാനിച്ചു.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി നടത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് കുറവോ കൂടുതലോ വരുന്നത് വർഷാവസാനത്തിലോ ആണ് രേഖപ്പെടുത്തി വരുന്നത് എന്ന് വിലയിരുത്തിയ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഇനി മുതൽ  എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നതാണെന്നുള്ള വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചും തീരുമാനിച്ചു.

## 1-1-5 Directly Debited by Bank ഇനത്തിൽ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

സബ് ട്രഷറി കരുവാരകുണ്ടിൽഉള്ള കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 799013000000715 നമ്പർഎൽ.ജി.ടി.എസ്.ബി അക്കൌണ്ടിൽ 2022 ലെ 201/- രൂപ Directly Debited by Bank ഇനത്തിൽ അവശേഷിക്കുന്നുണ്ടെന്നും ആയത് ക്രമീകരിക്കണമെന്നും പരാമർശമുണ്ട്. ആയത് സംബന്ധിച്ച് ചർച്ച ചെയ്ത ഭരണ സമിതി ടി തുക മേൽ അക്കൌണ്ടിലേക്ക് അടവാക്കിയാൽ മാത്രമേ ആയത് ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ടി കാലയളവിലെ അക്കൌണ്ടന്റിൽ നിന്നും കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ എൽ.ജി.ടി.എസ്.ബി അക്കൌണ്ട് നമ്പർ799013000000715 ലേക്ക് മേൽ തുക അടാവക്കുന്നതിന് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

## 1-2 ബജറ്റ്

ശ്രദ്ധിച്ചു.

## 1-3 സാമ്പത്തിക വിശകലനം

ശ്രദ്ധിച്ചു.

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്പിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ശ്രദ്ധിച്ചു.

## 1-5 പദ്ധതി അവലോകനം.

ശ്രദ്ധിച്ചു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ശ്രദ്ധിച്ചു.

## 1-7 ക്ഷേമപദ്ധതികൾ

ശ്രദ്ധിച്ചു.

## 1-8 ക്യാഷ് പരിശോധന

ശ്രദ്ധിച്ചു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്ററുകൾ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.2 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന ധർമ്മം നിർവ്വഹിക്കപ്പെടുന്നില്ല.3 മെഡിക്കൽ ഓഫീസർ സി എച്ച്സി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.4 മെഡിക്കൽ ഓഫീസർ (സിഎച്ച്സി) കാഷ്ബുക്കിൽ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തി വിശദംശങ്ങൾ രേഖപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ്.5. ഐസിഡിഎസ് സൂപ്പർവൈസർ ഫയലുകൾ ക്രമീകരിച്ച് ആവശ്യമായ എല്ലാ രേഖകളും

സഹിതം സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.6.ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

7. സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് എന്നീ ഏഴ് നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി വിശദമായി ചർച്ച ചെയ്തു . മേൽ നിർദ്ദേശങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതിനും മറ്റ് നിർദ്ദേശങ്ങൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാവില്ലെന്നും ഓഡിറ്റ് പർമർശം ഒഴിവാക്കുന്നതിന് ബഹു.ഓഡിറ്റിനോട് അപേക്ഷിച്ചും തീരുമാനിച്ചു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ശ്രദ്ധിച്ചു.

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ശ്രദ്ധിച്ചു. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണ്.

## 1-12 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

ശ്രദ്ധിച്ചു

## 1-13 ടർഫുകൾക്ക് മ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ടർഫുകൾക്കും കെട്ടിട നമ്പർ നൽകി ചട്ട പ്രകാരമുള്ള വസ്തു നികുതി ബാധകമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

## 1-14 നികുതി-നികുതിയേതരയിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നു.

കുടിശ്ശിക ഈടാക്കുന്നതിന് ഓൺലൈൻ ആർ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയ ഭരണ സമിതി ഗ്രാമ പഞ്ചായത്തിൻ ഭാഗത്ത് നിന്നും ഇനി മറ്റ് നടപടികൾ നിലവിൽ എടുക്കേണ്ടതില്ലാത്തതിനാൽ പർമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

## 1-15 ഹോമിയോ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (ഹോമിയോ) ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സ് പകർപ്പുകൾ ഓഡിറ്റിന് ആവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും ഹാജരാക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുമെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 15/12/2025 ലെ 1(1) ഭരണ സമിതിഅംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു

## 1-16 സ്മാർട്ട് അങ്കണവാടി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

അംഗനവാടികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുക, പ്രീ സ്കൂൾ നിലവാരം ഉയർത്തുക, അങ്കണവാടികൾ ശിശു സൗഹൃദവും ആകർഷവും ആക്കുക എന്ന ലക്ഷ്യങ്ങളോടുകൂടിയാണ് സ്മാർട്ട് അംഗനവാടി പ്രൊജക്റ്റ് നിർവഹണം നടത്തിയിട്ടുള്ളത്. എന്നാൽ സ്മാർട്ട് അംഗനവാടി എങ്ങനെ നിർവഹണം നടത്തണം

ഏതെല്ലാം മേഖലകൾ അതിൽ ഉൾപ്പെടുത്തണം നിർവഹണം എങ്ങനെ നടത്തണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് മാർഗ്ഗരേഖകളിൽ എവിടെയും പരാമർശിക്കുന്നില്ല. സ്മാർട്ട് അംഗനവാടി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് നിലവിൽ ഉത്തരവുകളോ സർക്കുലറുകളോ ഇല്ല. ഈ സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 26-01-21 തീയതിയിലെ ICDS A9/5906/2021 നമ്പർ ഉത്തരവ് പ്രകാരം അംഗനവാടികൾ ശിശു സൗഹൃദം ആക്കുന്ന ചായം പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. ടി ഉത്തരവിൽ അംഗനവാടികളിൽ ശിശു സൗഹൃദ പെയിൻറിങ്, ശിശു സൗഹൃദ ഫ്ലോറിങ് മാറ്റ്, ഫർണിച്ചറുകൾ തുടങ്ങിയവ (സൗണ്ട് സിസ്റ്റം ഉൾപ്പെടെ) ARTCO യിൽ നിന്നും നേരിട്ട് വാങ്ങാമെന്ന് പറയുന്നുണ്ട്. മേൽ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
ടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2021-22, 2022-23 2023-24 വർഷങ്ങളിലെ സ്മാർട്ട് അംഗനവാടി പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് ARTCO 660 ഏൽപ്പിക്കുന്നത്. ഇതിൽ 2022-23 സാമ്പത്തിക വർഷത്തിൽ അവസാനമാണ് ഞാൻ ഐ സി ഡി എസ് സൂപ്പർവൈസറായി ചുമതല ഏൽക്കുന്നത്. മുൻ വർഷങ്ങളിൽ എല്ലാം ARTCO തന്നെയാണ് സ്മാർട്ട് അംഗനവാടി ചെയ്തിട്ടുള്ളത്. ഇതിന് പുറമേ കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കുന്ന സക്ഷം പദ്ധതിയിലും അംഗണവാടികൾ സ്മാർട്ട് റൂം ഒരുക്കുന്നതിന്റെറെ ഭാഗമായി ശിശു സൗഹൃദ പെയിൻറിങ് ശിശു സൗഹൃദ ഫർണിച്ചറുകൾ മ്യൂസിക് സിസ്റ്റം വൈറ്റ് ബോർഡ്, പ്രീസ്കൂൾ ടീച്ചിങ് എയ്ഡുകൾ (BALA) എന്നിവയെല്ലാം ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

മലപ്പുറം ജില്ലയിലെ അമരംബലം (38 ലക്ഷം), കൊണ്ടോട്ടി, മമ്പാട്, വണ്ടൂർ, വേങ്ങര, മലപ്പുറം മുനിസിപ്പാലിറ്റി, ETC.. തുടങ്ങിയ ഇടങ്ങളിൽ എല്ലാം സ്മാർട്ട് അംഗനവാടി പ്രോജക്ടിന് പ്രവർത്തികൾ ചെയ്തിരിക്കുന്നത് ARTCO തന്നെയാണ്. ഓഡിറ്റ് പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഇതിലൊന്നും തടസ്സങ്ങൾ ഇല്ലെന്നു ബോധ്യപ്പെട്ടത് കൊണ്ട് കൂടിയാണ് ARTCO ക്ക് സ്മാർട്ട് അംഗനവാടി ഒരുക്കുന്നതിന് ചുമതല നൽകുന്നത്. കാളികാവ് ഗ്രാമപഞ്ചായത്തിലും മുൻ വർഷങ്ങളിൽ ARTCO തന്നെയാണ് സ്മാർട്ട് അംഗനവാടി (സെൻറർ നമ്പർ.87 കല്ലങ്കുന്ന്, AW നമ്പർ. 103 ചേരിപ്പലം, സെൻറർ നമ്പർ.98 വള്ളിക്കുളം, നമ്പർ. 102 പയറ്റുകുഴി, സെൻറർ നമ്പർ.105 ചെങ്കോട്) പ്രവർത്തികൾ ചെയ്തിരിക്കുന്നത്. ഇതിലൊന്നും തന്നെ പിഡബ്ല്യുഡി മാനുവൽ പ്രകാരം മെഷർമെൻറ് ബുക്ക് തയ്യാറാക്കിയിട്ടില്ല. 2023-24 വർഷത്തിൽ ചെയ്തിട്ടുള്ള പ്രവർത്തികൾ തന്നെയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യം കൂടി പരിഗണിച്ചാണ് ARTCO ക്ക് നേരിട്ട് ചുമതല ഏൽപ്പിച്ചത്.
2. ശിശുസൗഹൃദ പെയിൻറിംഗ് & ആർട്ട് വർക്ക് ഇൻറീരിയർ വർക്കിൽ ഉൾപ്പെടുന്നതിനാലാണ് ARTCO യെ ചമതലപ്പെടുത്തിയത്.
3. കാളികാവ് ഗ്രാമപഞ്ചായത്തിലെ സെൻറർ നമ്പർ 88 പേവുന്തറ സെൻറർ നമ്പർ 14 തച്ചൻകോട് സെൻറർ നമ്പർ നൂറ് ചാഴിയോട് സെൻറർ നമ്പർ 91 പരിയങ്ങാട് അംഗനവാടികളിലാണ് സ്മാർട്ട് അംഗണവാടി പ്രവർത്തികൾ ചെയ്തിട്ടുള്ളത്. ARICO ക്ക് നൽകിയ സപ്ലൈ ഓർഡർ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു
4. ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ അംഗനവാടികളിൽ കൈപ്പറ്റിയതിൻറെ രശീതി ഉള്ളടക്കം ചെയ്യുന്നു
5. ഓഡിറ്റിൽ പരാമർശിക്കുന്ന പ്രോജക്ട് നമ്പർ 36 പ്രകാരമുള്ള സ്മാർട്ട് അംഗനവാടി 2003-24 സ്പ്പിൽ ഓവർ പ്രൊജക്റ്റ് ആണ്. ഓഡിറ്റിൽ പരാമർശിച്ചിട്ടു തുക 2023-24 വർഷത്തിൽ ക്യൂബിൽ സിസ്റ്റത്തിലേക്ക് മാറിയതിനാൽ 24-25 വർഷത്തിലാണ് തുക മാറിയത്. ടി തുക (398720) ചെലവഴിച്ചതിന് ചെലവ് രേഖകൾ ഉള്ളടക്കം ചെയ്യുന്നു. 2023 -24 വർഷത്തെ സ്മാർട്ട് അംഗനവാടി പ്രൊജക്റ്റ് ചെലവഴിച്ച 600000 രൂപയുടെ ചെലവ് രേഖകൾ പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടിക്കൊപ്പം സമർപ്പിക്കുന്നു. അതാതു വർഷം ചെയ്യുന്ന സ്മാർട്ട് അംഗനവാടി പ്രോജക്ടിൽ ഉൾപ്പെട്ട ബില്ലുകൾ പ്രകാരമുള്ള തുക മാത്രമേ കൈമാറിയിട്ടുള്ളൂ. ARTCO യുടെ മലപ്പുറം, കോഴിക്കോട്, ആലപ്പുഴ ബ്രാഞ്ചുകളാണ് പ്രവർത്തി ഏറ്റെടുത്തത് നടത്തിയിട്ടുള്ളത്.
6. പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിൻറെ കൈപ്പറ്റ രശീതിയും

സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റെയും കോപ്പിയും ഉള്ളടക്കം ചെയ്യുന്നു
7. ARTCO യുടെ ആലപ്പുഴ ബ്രാഞ്ചിൻറെ ബില്ല് പ്രകാരമാണ് തുക മാറിയത് എന്ന്
വിശദമായി പരിശോധിച്ചപ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചത്. ബില്ലിൽ രേഖപ്പെടുത്തിയ
അക്കൗണ്ട് നമ്പർ 673841118780 പ്രകാരമുള്ള ഇൻവോയ്സ് BILL ഉള്ളടക്കം ചെയ്യുന്നു.
യുടെ 8 മുതൽ 13 വരെയുള്ള പരാമർശങ്ങൾ ARTCO ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനു
മറുപടി ലഭിക്കുന്നമുറക്ക് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന രേഖകൾ സമർപ്പിക്കുന്നതാണ്.
ഏതെല്ലാം അംഗനവാടികളാണ് സ്മാർട്ട് അംഗനവാടി പ്രവർത്തികൾ ചെയ്തതെന്ന്
മുകളിൽ രേഖപെടുത്തിയിട്ടുണ്ട്

അംഗനവാടി നമ്പർ.94 പൂങ്ങോട്, 97. പുളിയംകുന്നു, 83.പള്ളിശ്ശേരി, 106 വണ്ടിപുരക്കുന്ന്, 90
വെന്തോടംപടി, അംഗനവാടികളിൽ പ്രോജക്ട് നമ്പർ 215 പ്രകാരമാണ് സ്മാർട്ട് അംഗമായി
പ്രവർത്തികൾ ചെയ്തിട്ടുള്ളത്. പ്രവർത്തിയുടെ മുഴുവൻ ചെലവ് രേഖകളും
ഇതോടൊപ്പം ചെയ്യുന്നു. ഉള്ളടക്കം
പദ്ധതിയിലെ വനിതാ ശിശു വികസന വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആണ്
സ്മാർട്ട് അംഗനവാടി ARTCOക്ക് നേരിട്ട് നൽകിയത്. അതുകൊണ്ട് ടി പ്രോജക്ടുമായി
ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.
പ്രൊജക്റ്റ് നമ്പർ 215 സ്മാർട്ട് അംഗനവാടി
പദ്ധതി പ്രകാരം അംഗനവാടി പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത് പറയുന്ന
അംഗനവാടികളിലാണ് സ്മാർട്ട്
1. സെന്റർ നമ്പർ 94 പൂങ്ങോട്
2. സെന്റർ നമ്പർ 83 പള്ളിശ്ശേരി
3. സെന്റർ നമ്പർ 106 വണ്ടിപ്പുരക്കുന്നു
4. സെന്റർ നമ്പർ 97 പുലിയങ്കല്ല്
5. സെന്റർ നമ്പർ 90 വെന്തോടപടി.
പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് ബുക്കിൽ എൻട്രി വരുത്തിയതിന്റെ
പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.
വനിതാ ശിശു വികസന വകുപ്പിന്റെ 'ചായം' പദ്ധതി പ്രകാരമാണ് പ്രോജക്ട്
നടപ്പിലാക്കിയിട്ടുള്ളത്. അംഗനവാടികളിലെ ശിശു സൗഹൃദ പെയിൻറിംഗ്, ശിശു സൗഹൃദ
ഫർണിച്ചറുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ ഇൻറീരിയൽ പ്രവർത്തികളിൽ
ഉൾപ്പെടുന്നതിനാലാണ് ARTCO കോക്ക് നേരിട്ട് നൽകിയത്. ഓഡിറ്റ് റിപ്പോർട്ടിൽ
പരാമർശിച്ചുള്ള താഴെ പറയുന്ന തരത്തിലുള്ള
1. BABY CHAIR
2.KIDNEY TABLE
3. MULTI COLOR SLIDER
4. JUMBO BLOCK PLAY SET
5. EVA PUZZLE PLAY MAT
6. COLORFULL CREATIVE KIT,
7. INDOOR SOFT PLAY RINGS
8. STORAGE STAND
9. ROCKER
10. TEACHING BOARD
11. BASKET BALL SET 12. TOY BIN 13. RING GAME-ELEPHANT
ഫർണിച്ചറുകളും കളിപ്പാട്ടങ്ങളും, പ്രീ സ്കൂൾ ക്ലാസ് നടത്തുന്നതിനുള്ള
പഠനപ്രവർത്തനങ്ങളും, അംഗനവാടി പ്രീസ്കൂൾ ക്ലാസ് ആകർഷകമാക്കുന്നതിനും
കുട്ടികൾക്ക് (36 years) കൗതുകം ഉണർത്തുന്നതും ആണ്. ഇതെല്ലാം ഇൻറീരിയൽ
പ്രവർത്തികളിൽ ഉൾപ്പെടുന്നവയാണ്. അംഗനവാടി ചുമർചിത്രങ്ങളും ഇതിൽ
ഉൾപ്പെടുന്നു. മേൽ പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവർത്തികൾ 2024 -25 സാമ്പത്തിക വർഷത്തിൽ
ചെയ്തതാണ്. സ്റ്റോക്ക് എൻട്രി വരുത്തിയതിൻറെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം
ചെയ്യുന്നു.
ഓഡിറ്റ് പരാമർശത്തിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുള്ള 673841118780, അക്കൗണ്ട്

നമ്പർ 67099281397, 2 അക്കൗണ്ടുകളും ARTCO യുടേത് തന്നെയാണ്. ARTCO തരുന്ന സംഖ്യ ഐഡി നമ്പർ പ്രകാരമുള്ള അക്കൗണ്ട് നമ്പറുകളിലേക്കാണ് തുക വിതരണം ചെയ്യുന്നത്. ഓഡിറ്റ് പരാമർശത്തിൽ ഏത് അക്കൗണ്ടിലേക്ക് എത്ര തുകയാണെന്ന് വ്യക്തമാക്കാത്തതിനാൽ വ്യക്തമാകുന്നില്ല. ഏത് ഇൻവോയ്സിലെ തുകയാണെന്നു BNR നമ്പർ 24151352031000421464 പ്രകാരമുള്ള 150000 രൂപയുടെ ARTCO യുടെ 40986811168 ലേക്കാണ് മാറിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ട് നമ്പർ 6709281397 ആണ് (IFSC SBIN0070188) കോഴിക്കോട് ബ്രാഞ്ചിന്റെതാണ്. ARTCO മലപ്പുറം ബ്രാഞ്ചിൻ്റെതാണ് ട്രഷറി ബിൽ പ്രകാരം രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പർ 40986811168. ഇൻവോയ്സ് പ്രകാരമുള്ള അക്കൗണ്ട് നമ്പറിലേക്ക് ബ്രാഞ്ചിൽ നിന്നും തുക നൽകിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ARTCO യിൽ നിന്നും ലഭിച്ചതിനുശേഷം സമർപ്പിക്കുന്നതാണ്

9 മുതൽ 12 വരെയുള്ള ഓഡിറ്റ് പരാമർശങ്ങൾ ARTCO കോയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണ്. സാമ്പത്തിക വർഷം 2023-24 മുഴുവൻ തുക അനുവദിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ടത്തിലാണ് ബില്ലുകൾ (ഇൻവോയ്സ്) സ്ഥാപനം സമർപ്പിക്കുന്നത്. ഇൻവോയ്സ് പ്രകാരം 150000 നൽകിയതിൽ മൊത്തം തുക 300000 ആണ്. സ്മാർട്ട് അംഗനവാടി പൂർത്തിയാക്കിയതിനു മാത്രമേ തുക നൽകിയിട്ടുള്ളൂ.നിർവ്വഹണ ഉദ്യോഗസ്ഥൻ  നൽകിയ മറുപടി യോഗം ചർച്ച ചെയ്തു.ആയത് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് തീരുമാനിച്ചു.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ-രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ 309/25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം
555000
1. വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രൊജക്റ്റ് പ്രകാരം 217 കട്ടിലുകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ 125 കട്ടിലുകളാണ് ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്തത്. കട്ടിൽ വിതരണം ചെയ്യേണ്ട ഗുണഭോക്താക്കളുടെ ഗുണഭോക്ത്യ ലിസ്റ്റ്, വിതരണം ചെയ്തത് കട്ടിലുകൾ കൈപ്പറ്റിയവരുടെ വിവരങ്ങൾ എന്നിവ ഉള്ളടക്കം ചെയ്യുന്നു
2. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിൻ്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു
3. കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
4. വിതരണം ചെയ്ത കട്ടിലുകൾ കൈപ്പറ്റി അവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൻ്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു

പ്രോജക് നമ്പർ 305/25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം
ടി പ്രോജക്ട് 2022 -23 വർഷത്തെ SPILL OVER പ്രൊജക്ടാണ്. ചെലവ് രേഖകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
പദ്ധതിയുടെ ഗുണഭോക്ത്യ ലിസ്റ്റ്, കട്ടിൽ വിതരണം ചെയ്തതതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിൻ്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
കട്ടിലുകൾ ഒരു സ്റ്റോക്ക് രജിസ്റ്റർ എൻ്റർ ചെയ്തതിൻ്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.നിർവ്വഹണ ഉദ്യോഗസ്ഥൻ  നൽകിയ മറുപടി യോഗം ചർച്ച ചെയ്തു.ആയത് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് തീരുമാനിച്ചു.

## 1-18 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-അപാകതകൾ

ഓഡിറ്റ് പരാമർശത്തിൽ അധിക തുക നൽകിയതായി പറഞ്ഞിരിക്കുന്ന സ്റ്റേറ്റുമെന്റിലെ 1 മുതൽ 36 വരെയുള്ള കുട്ടികൾക്ക് 23-24 വർഷത്തിൽ നൽകാനുള്ള തുകയാണ് നല്കിയിരിക്കുന്നത്. 23-24 വർഷത്തെ ബില്ലുകളും തുക നൽകിയ ഗുണഭോക്താക്കൾക്ക് നൽകിയ വിതരണം ചെയത തുകയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
2022-23 സ്കോളർഷിപ്പ് തുക അപര്യപ്തമായതിനാലും ഗുണഭോക്താക്കളുടെ എണ്ണം

അധികമുള്ളതിനാലും പലരും പ്രൊജക്റ്റ് റിവിഷൻ കഴിഞ്ഞിട്ട് അപേക്ഷ തന്നതിനാലും മുഴുവൻ തുക നല്കാനായിട്ടില്ല. സാഹചര്യത്തിൽ ഭരണ സമിതിക്ക് കത്തെഴുതുകയും 22-23 ൽ അർഹതപ്പെട്ട സ്കോളർഷിപ്പ് തുക നൽകാൻ കഴിയാത്ത ഗുണാഭിക്താക്കൾക്ക് 23 -24 ലെ പദ്ധതിയിൽ നിന്നും വിതരണം ചെയ്യാൻ ഭരണാനുമതി നൽകുകയുമാണ് ചെയ്തത്. ആയതിൻ്റെ രേഖകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
2022-23 വർഷത്തിൽ രണ്ടു ICDS സൂപ്പർവൈസർമാരാണ് നിർവഹണം നടത്തിയിട്ടുള്ളത്.തുക കൈമാറിയതിന്റെ വിശദ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന മുറക്ക് ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണ്.

## 1-19 നൈപുണ്യവികസന പരിശീലനം തയ്യൽ പരിശീലനം നവജ ഗ്രാമം വാർഡ്-12-രേഖകൾ ലഭ്യമാക്കേണ്ടതാണ്

വനിതകൾക്ക് നൈപുണി വികസനത്തിൻ്റെ ഭാഗമായി നടത്തിയ പദ്ധതി പ്രകാരം തയ്യൽ പരിശീലനം നടത്തിയതിൻ്റെ ചെലവുകളിലേക്കാണ് 7000 രൂപ
വിനിയോഗിച്ചിട്ടുള്ളത്. ഒരാഴ്ചക്കുള്ളിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതാണ് വിശദമായ റിപ്പോർട്ടും ചെലവ് വിവരങ്ങളും
കാളികാവ് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിലാണ് ഞാൻ നിർവഹണ ഉദ്യോഗസ്ഥയായി ചുമതല ഏൽക്കുന്നത്. 23-24 വർഷമാണ് പ്രൊജെക്ടുകൾ അധികവും ചെയ്യുന്നത്. പല പ്രൊജെക്ടുകളും മുൻ വര്ഷങ്ങളിലെ സ്പിൽ ഓവർ പ്രൊജെക്ടുകളാണ്.നിർവ്വഹണ ഉദ്യോഗസ്ഥൻ്റെ റിപ്പോർട്ട് സൂചന ഭരണ സമിതി ചർച്ചചെയ്തു..തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന മുറക്ക് ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണ്.

## 1-20 GIS മാപ്പിംഗ് സോഷ്യോ എക്ണോമിക് സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ജി.ഐ.എസ് മാപ്പിംഗ് സോഷ്യോ എക്കണോമിക് സർവ്വേ പൂർത്തീകരിച്ച് സോഫ്റ്റ് വെയറ് ഗ്രാമ പഞ്ചായത്തിൽ ഇൻസ്റ്റാൾ ചെയ്യുകയും ആദ്യം നൽകിയ മൂന്ന് ലക്ഷത്തിന് പുറമേ ഈ പ്രൊജക്ട് സ്പിൽ ഓവറാക്കി 2025-26 വർഷത്തിൽ 642200/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ടി സോഫ്റ്റ് വെയർ മുഖേന ഓരോ വീട്ടിലെയും താമസക്കാരുടെയും , ലോക്കേഷന്റെയും വിവരങ്ങളും അറിയുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും കൂട്ടി ചേർക്കുന്നതിനുമൊക്കെ വളരേ ഉപകാര പ്രദമായിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തി . ഈ സാഹചര്യത്തിൽ മേൽ പരാമർശം ഒഴിവാക്കുന്നതിന് ബഹു. ഓഡിറ്റിനോട് അപേക്ഷിച്ച് തീരുമാനിച്ചു.

## 1-21 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം ലൈഫ്-2020 ഭവന രഹിതരുടെ പട്ടികയിലുൾപ്പെട്ട് കരാർ വെച്ച് ഭവന നിർമ്മാണം പുരോഗമിക്കുന്നതിനിടെ വാർഡ് 19 പൂങ്ങോട് താമസിച്ചിരുന്ന ശ്രീമതി. പാത്തുമ്മ ,മൂവായിരത്തിൽ എന്നവർ മരണപ്പെട്ടിട്ടുണ്ട്.ഇവരുടെ ഭർത്താവ് പത്ത് വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടതാണ്.ഇവർക്ക് മക്കൾ ഒന്നുമില്ല. കരാർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ആദ്യഗഡുവായി 40000/- രൂപ ഹഡ്കോ വിഹിതവും തറപ്പണി പൂർത്തിയാക്കിയതിനു ശേഷം രണ്ടാം ഗഡുവായി 100000/ രൂപ സംസ്ഥാന വിഹിതവും 40000/- രൂപ വികസന ഫണ്ട് ജനറൽ വിഹിതവും 20000/ -ജില്ലാ പഞ്ചായത്ത് വിഹിതവും ചേർത്ത് ആകെ 200000/-രൂപ ഇവർക്ക് അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭിച്ച് ലിന്റൽ ലെവൽ നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷമാണ് ഇവർ മരണപ്പെട്ടത്.ഭർത്താവോ മറ്റു മക്കളോ ഇല്ലാത്തതുകൊണ്ടു തന്നെ ഈ ആനുകൂല്യം തുടർന്ന് ആർക്കും അനുവദിക്കാൻ സാധിച്ചില്ല. ഇവരുടെ അവകാശികളായ മറ്റ് സഹോദരങ്ങൾക്കെല്ലാം സ്വന്തമായി വീടുണ്ട്.ടി സാഹചര്യത്തിൽ എന്ത് തുടർ നടപടി

കൈക്കൊള്ളമെന്നതിനെ സംബന്ധിച്ച് ഒരു സ്പഷ്ടീകരണം ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 02/08/2025 തീയ്യതി മലപ്പുറം ലൈഫ് മിഷൻ കോഡിനേറ്റർക്ക് കത്ത് അയച്ചിട്ടുണ്ട്.
2022-23 സാമ്പത്തിക വർഷം കരാർ വെച്ച് ഇതുവരെ ആകെ മൂന്ന് ലക്ഷം രൂപ അനുവദിക്കുകയും ഭവന നിർമ്മാണം മേൽക്കൂരയുടെ പ്രവൃത്തി അനന്തമായി നീണ്ടു പോവുകയും ചെയ്യുന്ന ശ്രീമതി.സുലൈഖ w/O അബ്ദുൽ മജീദ് ,വാർഡ് 8, അടക്കാകുണ്ട് എന്ന ഗുണഭോക്താവിന് പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കാണിച്ച് നിരവധി തവണ നേരിട്ടും ഫോണിലും വാർഡ് മെമ്പർ മുഖേനയും രേഖാമൂലവും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.ലിന്റൽ ലെവൽ നിർമ്മാണം പൂർത്തിയായതിന് ശേഷം മേൽക്കൂരയുടെ പ്രവൃത്തി ചെയ്യുന്നതിനായി ആകെ ഒരു ലക്ഷം രൂപയാണ് മുൻകൂറായി അനുവദിച്ചത്. അടക്കാകുണ്ടിലെ ദുർഘട പ്രദേശമായ ചങ്ങണാംകുന്നിലാണ് ടിയാൾ വീട് നിർമ്മിക്കുന്നത്.നിർമ്മാണ സാമഗ്രികൾ നിർമ്മാണസ്ഥലത്തേക്ക് എത്തിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടും ചെലവുമുണ്ട്.മേൽക്കൂരയുടെ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ നിർമ്മാണ സാധന സാമഗ്രികൾ പ്രസ്തുത സ്ഥലത്തേക്ക് എത്തിക്കുന്നതിന് പ്രയാസമാണെന്നും വി.ഇ.ഒ നേരിട്ട് പോയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.വി.ഇ.ഒ നൽകിയ മറുപടി ഭരണ സമിതി ചർച്ചചെയ്യുകയും ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വി.ഇ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നതിനും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

## 1-22 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ.

കാലിതീറ്റ വിതരണ പദ്ധതി ക്ഷീര സംഘങ്ങൾ മാത്രമേ നടത്താവൂ എന്നും കാലിതീറ്റ കേരള ഫീഡ്സ്, മിൽമ എന്നീ സർക്കാർ അംഗീകൃത കമ്പനികളിൽ നിന്നും വാങ്ങാവുന്നതാണെന്നും സബ്സീഡി മാർഗ്ഗ രേഖ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. അത് പ്രകാരം കേരള ഫീഡ്സ് കമ്പനിയുമായി ബന്ധപ്പെട്ടിട്ടുള്ളതിനാൽ കാലിതീറ്റ ചാക്ക് ഒന്നിന് 1515 /- രൂപക്ക് നൽകാൻ തയ്യാറാണെന്ന് കമ്പനി അറിയിച്ചു.
കേരള ഫീഡ്സ് കമ്പനിയിൽ നിന്നും സ്ഥിരമായി ക്ഷീര സംഘങ്ങൾ കാലിതീറ്റ ഇറക്കികൊണ്ടിരിക്കുന്നതിനാൽ ഇൻവോയിസ് വെച്ച് കേരള ഫീഡ്സ് കമ്പനിയിൽ നിന്നാണ് കാലിതീറ്റ ഇറക്കുന്നതെന്ന് ഉറപ്പ് വരുത്തികൊണ്ട്, കേരള ഫീഡ്സ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാമെന്ന് ഏറ്റ അതേ തുകക്ക് ഗുണഭോക്താക്കൾക്ക് നൽകാൻ ക്ഷീര സംഘങ്ങളുമായി ധാരണ ഉണ്ടാവുക.യും അതു പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കർഷകർക്ക് ക്ഷീര സംഘങ്ങൾ വഴി കാലിതീറ്റ വിതരണം നടത്തുകയുമാണുണ്ടായത്. സബ്സീഡി തുക അവർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 1515/- രൂപ ഒരു ചാക്കിന് എന്ന തോതിൽ 50 % തുക ക്ഷീര സംഘങ്ങൾക്ക് കൈമാറുകയും, ഇവയുടെ ഗുണഭോക്താക്കൾ ഗുണ വിഹിതം സ്വയം വഹിക്കുകയുമായിരുന്നു. ക്ഷീര സംഘങ്ങളെ ഗുണ വിഹിതം വാങ്ങാൻ ചുമതലപ്പെടുത്തിയിട്ടില്ല. കേരള ഫീഡ്സ് കാലിതീറ്റ ക്ഷീര സംഘങ്ങൾക്ക് മുൻകൂർ പണം അടക്കുമ്പോൾ മാത്രമാണ് ലഭിക്കുന്നത്. എന്നാൽ വെറ്ററിനറി സർജന് കാലിതീറ്റ ക്രെഡിറ്റ് വ്യവസ്ഥയിലാണ് നൽകുന്നത്. ആയതിനാൽ ഈ രണ്ട് വിതരണ വിലയും തമ്മിൽ അന്തരമുണ്ടാകാറുണ്ട്. എം. ആർ പി വിലയിൽ നിന്നും സംഘങ്ങൾക്ക് വില കുറച്ചാണ് കമ്പനി നൽകുന്നത്. തീറ്റ സംഭരണത്തിനും കയറ്റിറക്ക് കൂലി ഹാൻഡലിംഗ് ചാർജ്ജ് എന്നീ ഇനങ്ങളിലായി സംഘത്തിന് ചെലവ് വരുന്നതും ഡീലർ എന്ന നിലയിലുള്ള മുൻകൂ പണമടച്ചതിനുള്ള കമ്മീഷൻ കൂടിയാണ്. ഇവിടെ കേരള ഫീഡ്സ് ഇൻവോയ്സ് ഹാജരാക്കിയത് കേരള ഫീഡ്സിൽ നിന്നും അത്രയും അളവിൽ തീറ്റ സംഘങ്ങൾ സംഭരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്ന്തിന് മാത്രമാണ്. കേരള ഫീഡ്സ് നൽകാമെന്ന് ഏറ്റ അതേ തുകക്ക് സക്കാരിനോ, കർഷകർക്കോ പദ്ധതി നത്തിപ്പിനോ നഷ്ടമോ കോട്ടമോ തട്ടാത്ത തരത്തിലും മാർഗ്ഗ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ച പ്രകാരം കമ്പനി തീറ്റകൾ

സർക്കാർ നിർദ്ദേശിച്ച ക്ഷീര സംഘങ്ങളിലൂടെ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഭാവിയിൽ ടി പദ്ധതി നടപ്പിലാക്കുമ്പോൾ ഓഡിറ്റിൽ പരാമർശിച്ച പ്രകാരമുള്ള രീതിയിൽ നടപ്പിലാക്കുമെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 15/12/2025 ലെ ഭരണ സമിതി ചർച്ചചെയ്തു, തുടർ വർഷങ്ങളിൽ മാർഗ്ഗ നിർദ്ദേശ പ്രകാരം ടി പദ്ധതി നടപ്പിലാക്കുമെന്നുള്ള മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 1-23 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

**മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല**

മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

| പ്രൊജക്റ്റ് നമ്പർ | മരുന്നുകളുടെ പ്രൊഫോർമ | തുക | മരുന്നുകൾ ലഭ്യമായത് (ഓഡിറ്റിന് ഹാജരാക്കിയത്) | മരുന്നുകൾ പിന്നീട് ലഭ്യമായത് | | ഇനി അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് | തുക | |
| 56/25 | PRF-479/3-7-24 | 100000/- | 100000/- | NIL | 0 | 0 |
| 56/25 | PRF-497/ 4-7-24 | 34187/- | 31218/- | NIL | 0 | 2969/- |
| 56/25 | PRF-3649/14-2-25 | 133200/- | 0 | NIL | 0 | 133200/- |
| | | | | **ആകെ** | **0** | **136169/-** |
| 76/25 | PRF-336/18-6-24 | 411004/- | 260467/- | 2235/5-7-25 | 1677/- | |
| | | | | 1799/17-6-25 | 9232/- | |
| | | | | 4747/9-10-25 | 139628/- | |
| 76/25 | PRF-346/21-6-24 | 365705/- | 211041/- | 1800/17-6-25 | 7451/- | |
| | | | | 2220/5-7-25 | 2778/- | |
| | | | | 4751/9-10-25 | 9268/- | |
| | | | | **ആകെ** | **170034/-** | **135167/-** |

ഇൻവോയ്സ് പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സ് പകർപ്പുകൾ ഓഡിറ്റിന് ആവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും ഹാജരാക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 15/12/2025 ലെ 1(1) ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 1-24 SSK വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

2024-25 വർഷത്തിൽ നിർവ്വഹണം ചെയ്ത എസ്. എസ്. എ വിഹിതം നൽകൽ (എസ്. സി), എസ്. എസ്. എ വിഹിതം നൽകൽ (ജനറൽ) എന്ന പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി എസ്. എസ്. കെ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം വ്യക്തമല്ലാത്തതിനാൽ വിശദമായ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം എസ്. എസ്. കെ യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള നിർഹ്ഹഹണ ഉദ്യോഗസ്ന്റെ റിപ്പോർട്ട് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന അപേക്ഷിക്കുന്നു

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(1) പ്രൊജക്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല

മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ലെന്ന ഓഡിറ്റ് നിരീക്ഷണം ശ്രദ്ധിച്ചു. പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനാകാത്തത് മൂലം ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിന് LID & EW എഞ്ചിനീയറിംഗ് വിംഗിന് നിർദ്ദേശം നൽകുന്നതിനും ഭാവിയിൽ ഇത്തരം വിഴ്ചകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്ന്

സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതിനും തീരുമാനിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കണെമന്ന് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

2) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

കാളികാവ് ഗ്രാമ പഞ്ചായത്തിലെ റോഡ് , റോഡ് ഇതര ആസ്തികൾ സംരക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ മുകൾത്തട്ട് പഞ്ചായത്തുകളുടേയും എം എൽ എ , എം പി ആസ്തി വികസന പദ്ധതികളുടേയും ഫണ്ടുകള് ലഭ്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് സാധ്യമായ എല്ലാ ഇടപെടലുകളും നടത്തി വരുന്നുണ്ട്. എന്നിരുന്നാലും ഓഡിറ്റ് നിരീക്ഷണത്തിന്റെ അന്ത:സത്ത് ഉള്കൊണ്ട് പദ്ധതി മാർഗരേഖ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ റോഡ് , റോഡ് ഇതര ആസ്തി സംരക്ഷണത്തിന് വരും വർഷം സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

3) ആസ്തി രജിസ്റ്റർ കാലീകമാക്കിയിട്ടില്ല

കാളികാവ് ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ആസ്തികളുടെ മൂല്യം / ഡിപ്രീസിയേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് സമഗ്രമായി കാലീകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 15/12/2025 ലെ 1(1) ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു

## 1-26 മരാമത്ത് പ്രവൃത്തികൾ അക്രഡക്റ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നത്- പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാവുന്നു.

ഗ്രാമ പഞ്ചായത്ത് 2022-23, 2023-24 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അടിക്കടിയുള്ള സ്ഥലം മാറ്റവും മതിയായ ജീവനക്കാരുടെ കുറവ് മൂലം യഥാസമയം പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാങ്കേതിക അനുമതി ലഭ്യമാക്കുവാനും സാധിക്കാതിരുന്നതിനലാണ് , ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിന് ചെലവയിക്കെണ്ടിയിരുന്ന കോടിക്കണക്കിന് രൂപ റോഡ് ,റോഡിതര അസ്ഥികളുടെ ഫണ്ടിനത്തിൽ ചെലവയിക്കനവാതെ ലപ്സായിട്ടുണ്ട് .2023-24 വർഷത്തിൽ റോഡ് അസ്ഥികളുടെ സംരക്ഷണ ഫണ്ടിനത്തിൽ 48.8%വും മാത്രമാണ് ചെലവയിട്ടുള്ളത്..2022-23 വർഷത്തിൽ ഇത് യഥാക്രമം 26% വും 7 ശതമാനവും മാത്രമായിരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും നിരന്തരമായ സ്ഥലം മാറ്റവും പുതുതായി വരുന്ന ജീവനക്കാരുടെ പരിചയ കുറവുമാണ് മേൽ സാഹചര്യം സൃഷ്ടിക്കാൻ ഇടയാക്കിയിട്ടുള്ളത്. മേൽ വസ്തുതകൾ പരിഗണിച്ചാണ് 2024-25 വർഷത്തെ പ്രവർത്തികൾ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ ഫോറസ്റ്റ് ഇന്റസ്ട്രിസ് ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിന് 30-07-2024 ലെ 1(2) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഐക്യകണ്ഠേന തീരുമാനിച്ചിട്ടുള്ളത്

എന്നാൽ പഞ്ചായത്ത് തീരുമാനത്തിനെതിരായി ചില കരാറുകാർ ബഹു. കേരള ഹൈ കോടതിയിൽ കേസ് ഫയൽ ചെയ്തത് കാരണമാണ് യഥാസമയം പ്രവർത്തികൾ പൂർത്തികരിക്കുവാനും തുക ചെലവയിക്കുവാനും സാധിക്കാതെ പോയതെന്ന് ഭരണ സമിതി യോഗം വിലയിരുത്തി . കോടതി നടപടികൾ മൂലമുണ്ടായ താമസമാണ് അക്രഡിറ്റഡ് ഏജൻസിക്ക് യഥാസമയം പ്രവർത്തി പൂർത്തികരിക്കുവാൻ സാധിക്കാതെ പോയതെന്നും നിലവിൽ പ്രസ്തുത പ്രവർത്തികൾ എല്ലാം തന്നെ പൂർത്തികരിച്ചിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിക്കുന്നുനതിനും തീരുമാനിച്ചു. മേൽ വസ്തുത പരിഗണിച്ച് പരാമർശം ഒയിവാക്കുന്നതിനും ഓഡിട്ടിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**1.പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാവുന്നു**

അക്രഡിറ്റഡ് ഏജൻസി മുഖേന പ്രോജക്ട്ടുകൾക്ക് നിർവ്വഹണം നടത്തുമ്പോൾ സെന്റേജ് ചാർജ് ഇനത്തിൽ 3.29 ശതമാനം തുക മാത്രമാണ് ഫോറസ്റ്റ് ഇന്റസ്ട്രിസ് ലിമിറ്റഡ് സെന്റേജ് ചാർജായി നൽകേണ്ടത് . എന്നാൽ റോഡ് സംരക്ഷണ ഫണ്ട് ഉപയോഗിച്ച് ഏജൻസി മുഖേന നടപ്പിലാക്കുന്ന ബഹു ഭൂരിക്ഷം പ്രവർത്തികളും ടാറിംഗ് പ്രവർത്തികളാണ് .ടാറിംഗ് പ്രവർത്തികൾക്ക് 10% തുക ടെണ്ടർ എക്സസ് അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരം 10% തുക ടെണ്ടർ നിരക്കിനേക്കാൾ അധികം നിരക്കിലാണ് കരാറുകാർ പ്രവർത്തി ഏറ്റെടുക്കുന്നത് . എന്നാൽ അക്രഡിറ്റഡ് ഏജൻസിക്ക് ടാറിംഗ് പ്രവർത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കാത്തതിനാൽ ഫലത്തിൽ നഷ്ടമല്ല ലാഭമാണ് ഉണ്ടായിട്ടുള്ളതെന്ന് ഓഡിറ്റിനെ അറിയിക്കുന്നതിന് തീരുമാനിച്ചു. ടാറിംഗ് പ്രവർത്തികൾക്ക് 10 % ടെണ്ടർ എക്സസായി എടുക്കേണ്ട 14 ലക്ഷം രൂപ നൽകേണ്ട സാഹചര്യത്തിൽ സെന്റേജ് ചാർജിനത്തിൽ 5.4 ലക്ഷം രൂപ മാത്രമാണ് അധിക ബാധ്യത വരുന്നുള്ള എന്ന വസ്തുത പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന്0 വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

**2. ടെണ്ടർ ഫീ ഇനത്തിൽ വരുമാന നഷ്ടമുണ്ടായി**

ഏജൻസികൾക്ക് കൈമാറിയ 42 പ്രവർത്തികൾ ടെണ്ടർ ചെയ്തിരുന്നെങ്കിൽ വൻ തുക ടെണ്ടർ ഫീയായി ലഭിക്കുമായിരുന്നു എന്ന ഓഡിറ്റ് നിരീക്ഷണം വസ്തുതാപരമല്ല. ഗ്രാമ പഞ്ചായത്തിലെ 90 ശതമാനത്തിലധികം പ്രവർത്തികൾക്കും 2 ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ടി പ്രവർത്തികൾക്ക് ഒരുപാട് ടെണ്ടറുകൾ ലഭിക്കുമായിരുന്നു എന്ന ഓഡിറ്റ് നിരീക്ഷണം ഊഹം മാത്രമാണ് . മാത്രമല്ല ഘട്ടങ്ങളിലും ഒന്നിലേറെ തവണ ടെണ്ടറുകൾ ചെയ്യേണ്ടിവരുന്നത് മൂലം പരസ്യ ചെലവിനത്തിലും യഥാസമയം പ്രവർത്തി പൂർത്തികരിക്കാനാവാതെ കാല താമസം മൂലവും ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഗണിക്കുമ്പോൾ സമയ ബന്ധിതമായി പ്രവർത്തികൾക്ക് പൂർത്തികരിക്കണമെന്ന സദുദ്ദേശത്തോടെ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി മൂലം വരുമാനം നഷ്ടമുണ്ടായി എന്ന വിലയിരുത്തൽ സാങ്കൽപ്പികം മാത്രമാണ് എന്ന് ഭരണ സമിതി വിലയിരുത്തി.മേൽ വസ്തുതകൾ പരിഗണിച്ച്.ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**3.ഫണ്ട് ലാപ്സാവുന്നത് തടയാൻ കഴിഞ്ഞിട്ടില്ല**

പ്രവർത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് തീരുമാനത്തിനെതിരെ ചില കരാറുകാർ ബഹു. കേരള ഹൈ കോടതിയെ സമീപിച്ചത് മൂലമുണ്ടായ കേസ് നടപടികൾ കാരണമായുള്ള കാല താമസമാണ് യഥാസമയം പ്രവർത്തി പൂർത്തികരിക്കുവാൻ സാധിക്കതിരുന്നതെന്ന വസ്തുതയും നിലവിൽ പ്രസ്തുത പ്രവർത്തികൾ മുഴുവനായും പൂർത്തികരിച്ചിട്ടുണ്ടെന്ന വസ്തുതയും ഓഡിറ്റിനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**4.ടെണ്ടറുകൾ മത്സര സ്വഭാവം ഉണ്ടായിട്ടില്ല**

സംസ്ഥാന സർക്കാരിന്റെ ഉത്തരവിൻ പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളതും ഗ്രാമ പഞ്ചായത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകാരമുള്ളതുമായ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവത്തിൽ റെണ്ടാരുകൾ ക്ഷണിച്ചാണ് ഫോറസ്റ്റ് ഇന്റസ്ട്രിസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത് . സർക്കാർ ഉത്തരവ് പ്രകാരം 8% വരെ സെന്റേജ്ചാർജ്അനുവടിക്കവുന്നതാണ് എന്നാൽ 3.29 ശതമാനം തുക മാത്രമാണ് സെന്റേജ്ചാർജായി അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയിട്ടുള്ളത് . സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയെ ടെണ്ടർ മുഖേന കണ്ടെത്തി കഴിഞ്ഞാൽ തുടർ നടപടികൾ സ്വീകരിക്കുന്നത് ഏജൻസിയാണ് . ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന് മറ്റ് ഇടപെടലുകൾ നടത്തുന്നതിന് നിർവ്വഹമില്ലെന്ന് ഭരണ സമിതി വിലയിരുത്തുന്നു. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമാണ് ഗ്രാമ പഞ്ചായത്ത് പ്രവർത്തിച്ചിട്ടുള്ളതെന്ന് ഓഡിറ്റിനെ അറിയിക്കുന്നതിന് തീരുമാനിച്ചു. ഗ്രാമ പഞ്ചായത്തിലെ ഏജൻസി മുഖേന നടപ്പിലാക്കിയിട്ടുള്ള ബഹു ഭൂരിഭക്ഷം പ്രവർത്തികളും

ടാറിംഗ് പ്രവർത്തികളാണെന്നുള്ളതും മേൽ  പ്രവർത്തികൾക്ക് 10% വരെ ടെണ്ടർ എക്സസായി അനുവദിക്കുന്നതിന് സർക്കാർ  ഉത്തരവ് നിലവിലുള്ളതും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന ബഹു ഭൂരിഭാഗം ടാറിംഗ് പ്രവർത്തികൾക്കും ടെണ്ടർ എക്സസ് അനുവദിച്ചിട്ടുള്ളതായും ഭരണ സമിതി വിലയിരുത്തി. മേൽ  വസ്തുതകൾ നിലനിൽക്കെ ഏതെങ്കിലും ഒന്നോ രണ്ടോ പ്രവർത്തികളിലെ ടെണ്ടർ  സേവിംഗ്സ് ചൂണ്ടി കാണിച്ച് പൊതുവായ നഷ്ട കണക്ക് വസ്തുത പരമല്ലെന്ന് ഭരണ സമിതി വിലയിരുത്തി . മേൽ  വസ്തുതകൾ  ബഹു. ഓഡിറ്റിനെ അറിയിക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**5.എഞ്ചിനീയറിംഗ് വിഭാഗത്തിൽ തസ്തികകളിൽ കാര്യമായി ഒഴിവ് ഉണ്ടായിട്ടില്ല**

2022-23,2023-24 വർഷങ്ങളിൽ  ഗ്രാമ പഞ്ചായത്ത് നേരിട്ടാണ് മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയുട്ടുള്ളത്. എന്നാൽ  2022-23 വർഷത്തിൽ  MG Road ഫണ്ടിൽ  26.45%വും MG Non Road ൽ  71% വും 2023-24 വർഷത്തിൽ  യഥാക്രമം 44% വും 49 % വും വീതമാണ് ഫണ്ട് വിനിയോഗിച്ചിട്ടുള്ളത്.ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിംഗിലെ ജീവനക്കാരുടെ കുറവും നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ അടിക്കടിയുള്ള സ്ഥലം മാടവുമാണ് പദ്ധതി നിർവ്വഹണത്തിൽ  പരിതാപകരമായ സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത്. ജീവനക്കാരുടെ സ്ഥലം മാറ്റം ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കാര്യമാല്ലതതിനാൽ  മുൻ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവർത്തി ഏറ്റെടുത്ത് നടത്താൻ  ഐക്യകണ്ഠേമായി തീരുമാനിച്ചത്. നടപ്പുവർഷം മുഴുവൻ  കാലയളവിലും ജീവനക്കാർ  ഉണ്ടാവുമെന്ന് മുൻ  കൂട്ടി മനസിലാക്കുവാൻ  സാധിക്കാത്ത സാഹചര്യത്തിലും മുൻ  വർഷ അനുഭവങ്ങളും പരിഗണിച്ചാണ് പ്രവർത്തികൾ  യഥാസമയം നിർവ്വഹിക്കണമെന്ന സദുദ്ദേശം മുൻ നിർത്തി ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതെന്ന് ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു .

**6.സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല**

ഗ്രാമ പഞ്ചായത്തിലെ മുൻ  വർഷങ്ങളിലെ അനുഭവ സാഹചര്യങ്ങളും പരിഗണിച്ചും സർക്കാർ  ഉത്തരവിലെ മാനദണ്ഡം പാലിച്ചും നിയമാനുസൃതം അനുവദനിയമായ പ്രവർത്തി മാത്രമാണ് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതെന്ന് ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനുംഭരണ സമിതി തീരുമാനിച്ചു

## 1-27 പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചില്ല- ഭരണ സമിതി തീരുമാനം മൂലം 78.96 ലക്ഷം രൂപയുടെ ഫണ്ട് ലാപ്സായി.

**1.പ്രോജക്ടുകളുടെ ഭേദഗതി – ഭരണ സമിതി തീരുമാനം മൂലം 78.96 ലക്ഷം രൂപ ലാപ്സായി**

ടെണ്ടർ  നടപടികൾ  പൂർത്തിയായതിന് ശേഷമാണ് പ്രസ്തുത പ്രവർത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭേദഗതികൾ  ആവശ്യമാണെന്ന് വിവിധ വാർഡ് മെമ്പർമാർ  ഭരണ സമിതി യോഗത്തെ അറിയിച്ചത്. മേൽ  വസ്തുതകൾ  പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ  വരുത്തുന്നതിനാണ് ബന്ധപെട്ട പ്രവർത്തികളുടെ ടെണ്ടറുകൾക്ക് അംഗീകാരം നൽകാതിരുന്നതെന്ന വസ്തുത ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു

2. ടെണ്ടർ  നടപടികൾ  പൂർത്തിയായതിന് ശേഷമാണ് പ്രസ്തുത പ്രവർത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭേദഗതികൾ  ആവശ്യമാണെന്ന് വിവിധ വാർഡ് മെമ്പർമാർ  ഭരണ സമിതി യോഗത്തെ അറിയിച്ചത്. മേൽ  വസ്തുതകൾ  പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ  വരുത്തുന്നതിനാണ് ബന്ധപെട്ട പ്രവർത്തികളുടെ ടെണ്ടറുകൾക്ക് അംഗീകാരം നൽകാതിരുന്നതെന്ന വസ്തുത ഓഡിറ്റിനെ അറിയിക്കുന്നതിനും പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചു

## 1-28 1.64 കോടി രൂപയുടെ മെയ്ന്റനൻസ് ഗ്രാന്റ് ലാപ്സായി.

1-28 1.64 കോടി രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് ലാപ്സായി

2022-23 , 2023-24 വർഷങ്ങളിൽ റോഡ് റോഡിതര സംരക്ഷണ പ്രവർത്തികളുടെ ഫണ്ടുകൾ എഞ്ചിനീയറിംഗ് ജീവനക്കാരുടെ കുറവ് മൂലം യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുമുണ്ടായ കാലതാമസം മൂലം 2 വർഷങ്ങളിലും 50 ശതമാനത്തിൽ താഴെ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. മേൽ വസ്തുതകൾ പരിഗണിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടുകൾ യഥാവിധി സമയ ബന്ധിതമായി ചെലവഴിക്കുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേനെ പ്രവർത്തി നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഏകകണ്ഠമായി തീരുമാനമെടുത്ത് നടപടികളുമായി മുന്നോട്ട് പോയി എങ്കിലും അതിനെതിരായി ചില കരാറുകാർ ബഹു ഹൈക്കോടതിയെ സമീപിച്ചത് മൂലമുണ്ടായ കേസ് നടപടികൾ കാരണം ഉണ്ടായ കാലതാമസമാണ് 2024-25 വർഷത്തിൽ മെയിന്റനൻസ് പ്രവർത്തികളുടെ ഫണ്ട് വിനിയോഗത്തിൽ കുറവ് വരാൻ ഇടയാക്കിയതെന്ന് ഭരമ സമിതി വിലയിരുത്തി. എന്നിരുന്നാലും കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് മുൻ വർഷത്തേക്കാൾ കൂടിയ ആസ്തി സംരക്ഷണ ഫണ്ടുകളുടെ വിനിയോഗത്തിൽ 10 ശതമാനത്തിലധികം വർദ്ധനവ് നേടാൻ സാധിച്ചതായി യോഗം വിലയിരുത്തി. 2022-23 , 2023-24 വർഷങ്ങളിൽ രോഡ് , റോഡിതര ആസ്തി സംരക്ഷണ ഫണ്ടുകളുടെ വിനിയോഗ ശതമാനം യഥാക്രമം 1) 26% , 72% 2) 44% , 49% െന്നിവയെ അപേക്ഷിച്ച് 2024-25 വർഷത്തിൽ യഥാക്രമം 56.7% , 54 % തുക ചെലവഴിച്ചതായി യോഗം അഭിപ്രായപ്പെട്ടു. കൂടാതെ ടി സ്പില്ലോവർ പ്രവർത്തികൾ മുഴുവൻ പൂർത്തീകരിച്ച് 2025-26 വർഷത്തിൽ തുക വിനിയോഗിച്ച വിവരവും ഓഡിറ്റിനെ അറിയിക്കുന്നതിനും മേൽ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചു.

## 1-29 ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

ടെൻഡർ ഫീ ഇനത്തിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തുക അടവാക്കിയശേഷം വിവരം ലഭ്യമാക്കുന്നതാണ് എന്ന മറുപടി 15/12/2025 ലെ 1(1) തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 1-30 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തി- അധികം തുക നൽകി.

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 460/25 പള്ളിശ്ശേരി ജി. എൽ. പി. എസ് പൂർത്തീകരണം എന്ന പ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രൈസ് സോഫ്റ്റ് വെയിൽ ഡി. എസ്. ആർ 2018 പ്രകാരമാണ്. സ.ഉ (സാധാ) നം 662/2020/PWD തീയ്യതി 07/08/2020 പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് അനുവദിച്ചിരുന്ന 5% ഓവർഹെഡ് ചാർജ്ജ് റദ്ദ് ചെയതത്, ഡി. എസ്. ആർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് ബാധകമായിട്ടുള്ള ഉത്തരവല്ലായെന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 13/08/2020 ലെ ഡി, ബി, 3 – 6512/2013/സി. ഇ/ത. സ്വ. ഭ. വ പ്രകാരമുള്ള പരിപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കൺവീനർക്ക് അധികമായി നൽകി എന്ന ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള തുക തിരിച്ച് പിടിക്കേണ്ടതില്ല എന്നുള്ള അസി. എഞ്ചിനീയറുടെ മറുപടി തൃപ്തികരമായതിനാൽ 15/12/2025 ലെ 1(1) തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട്

അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 1-31 ആനവാരി-ചാഴിയോട് ഈശ്വരൻപടി റോഡ് വീതി കൂട്ടൽ -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.

പ്രസ്തുത ഓഡിറ്റ് വിഷയം സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്ന് ഏജൻസിക്ക് 44/AE/LID & EW/25-26/GEN നമ്പർ പ്രകാരം കത്ത് അയച്ചിട്ടുണ്ട്. നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറക്ക് വിവരം നൽകാമെന്ന അസി, എഞ്ചിനായറുടെ റിപ്പോർട്ട് 15/12/2025 ലെ 1(1) തീരുമാനപ്രകാരമുള്ള ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 1-32 സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത-30419/- രൂപയുടെ അധിക ചെലവ്

320/25-ചേരി കുളമ്പ് അങ്കണവാടി പുനരുദ്ധാരണം എന്നതിൽ സ്റ്റീൽ പ്രവർത്തിയിൽ മൂല്യ നിർണ്ണയത്തിൽ - 30419/- രൂപ അധിക ചെലവ് ഇനത്തിൽ വന്ന തുക ഗ്രാമ അടവാക്കുന്നതിന് ബന്ധപ്പെട്ട അസി. എഞ്ചിനീയർ മുഖേന കരാറുകാരന് വിവരം നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണ്. പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

## 1-33 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തൈകൾ വാങ്ങി.

പ്രൊജക്ട് നമ്പർ 21/24 –ഞങ്ങളും കൃഷിയിലേക്ക് – പച്ചക്കറി തൈകൾ വിതരണം (വനിത)- പദ്ധതി പ്രകാരം 375000/- തുക വികസന ഫണ്ട് ചെലവഴിച്ച് ഗുണമേന്മയുള്ള പച്ചക്കറി തൈകൾ പൂർണ്ണമായും കൃഷി ഭവൻ നിയന്ത്രമത്തിലുള്ള ഇക്കോ ഷോപ്പ് മുഖേന വിതരണം ചെയ്തിട്ടണ്ട്. സ. ഉ (കൈ) നം 115/2022/LSGD തീയ്യതി 28-05-2022 സബ്സീഡി മാർഗ്ഗരേഖ പ്രകാരം പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫണ്ട് നൽകി രൂപീകരിച്ചിട്ടുള്ള ഇക്കോ ഷോപ്പ് മുഖേന വിതരണം നടത്തിവരാവുന്നതാണ് എന്ന് പരാമർശിച്ചിട്ടുണഅട്. കൂടാതെ ഇക്കോ ഷോപ്പ് കൃഷി ഓഫീസറുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ്, കാർഷിക വിപണന വികസനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തുക വകയിരുത്തി രൂപീകരിച്ച സംവിധാനമാണ് ഇക്കോ ഷോപ്പുകൾ. ആയതിനാൽ കൃഷിക്കാർക്ക് ഗുണമേന്മയുള്ള ഉത്പാദന ഉപാദികൾ വിതരണം ചെയ്യുന്നതിൽ ഇക്കോ ഷോപ്പുകൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ പ്രൊജക്ട് നമ്പർ 21/24 –ഞങ്ങളും കൃഷിയിലേക്ക് – പച്ചക്കറി തൈകൾ വിതരണം (വനിത)- പദ്ധതി പ്രകാരം ഇക്കോ ഷോപ്പ് മുഖേന തൈകൾ വിതരണം ചെയ്യതതിൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് അധികരിക്കാതെയാണ് തൈകൾ നൽകിയിട്ടുള്ളത്. പഞ്ചായത്ത് തല പർച്ചേസ് കമ്മറ്റി തീരുമാനവും ടി പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ളതാണ്. ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും നിലവിലില്ല. കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പച്ചക്കറി വികസന പദ്ധതി 2024-25 നടപ്പിലാക്കുന്നതിന് നൽകിയ സർക്കുലർ നമ്പർ ADFW/4981/2024-VC, തീയ്യതി 19-06-2024 പ്രകാരവും പച്ചക്കറി തൈകൾ വാങ്ങുന്നതിന് ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന സ്ഥാപിതമായ ഇക്കോ ഷോപ്പിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ കാര്യങ്ങളും പരിഗണിച്ചാണ് ഇക്കോ ഷോപ്പ് മുഖേന തൈകൾ വിതരണം ചെയ്തിട്ടുള്ളത്. ഭാവിയിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ ഇനി മുതൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രം വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന കൃഷി ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ച് 15/12/2025 ലെ 1(1) തീരുമാന പ്രകാരമുള്ള ഭരണ സമിതി അംഗീകരിച്ച് ഓഡിറ്റ്

പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 3-1 സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത- 30419/- രൂപയുടെ അധിക ചെലവ്

320/25-ചേരി കുളമ്പ് അങ്കണവാടി പുനരുദ്ധാരണം എന്നതിൽ സ്റ്റീൽ പ്രവർത്തിയിൽ മൂല്യ നിർണ്ണയത്തിൽ - 30419/- രൂപ അധിക ചെലവ് ഇനത്തിൽ വന്ന തുക ഗ്രാമ അടവാക്കുന്നതിന് ബന്ധപ്പെട്ട അസി. എഞ്ചിനീയർ മുഖേന കരാറുകാരന് വിവരം നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണ്. പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

## 4-1 മെഡിസെപ് (MEDISEP) - പ്രീമിയം ഒടുക്ക് വിശദാംശങ്ങൾ

ശ്രദ്ധിച്ചു.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ശ്രദ്ധിച്ചു.

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ശ്രദ്ധിച്ചു.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ശ്രദ്ധിച്ചു.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ശ്രദ്ധിച്ചു.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

ശ്രദ്ധിച്ചു.

## 4-7 സ്ഥിര നിക്ഷേപം

ശ്രദ്ധിച്ചു.

## 4-8 ഓഡിറ്റ് റിക്കവറി

ശ്രദ്ധിച്ചു.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ശ്രദ്ധിച്ചു.

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ശ്രദ്ധിച്ചു.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

ശ്രദ്ധിച്ചു. ബന്ധപ്പെട്ട പരാമർശങ്ങൾക്ക് മറുപടി രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ശ്രദ്ധിച്ചു.